സോനു നിഗമിനെ അനുകൂലിച്ച ആൾക്ക് കുത്തേറ്റു

ഭുവനേശ്വർ: ബാങ്കുവിളിയുമായി ബന്ധപ്പെട്ട വിവാദത്തിൽ ഗായകൻ സോനു നിഗമിനെ പിന്തുണച്ച യുവാവിന് കുത്തേറ്റു. മദ്ധ്യപ്രദേശിലെ ഗോപാലപുര സ്വദേശിയായ ശിവം റായ്ക്കുനേരെയായിരുന്നു അക്രമം. വീട്ടിലെത്തിയ അക്രമികൾ അയാളെ കുത്തിവീഴ്ത്തുകയായിരുന്നു. എന്നും രാവിലെ പള്ളിയിലെ ബാങ്കുവിളി കേട്ട് ഉണരേണ്ടി വരുന്നത് എന്നാണ് അവസാനിക്കുക എന്ന സോനു നിഗമിന്റെ ട്വീറ്റായിരുന്നു വിവാദമായത്.

കള്ളപ്പണ കേസ്

നവാസ് ഷെരീഫിനെതിരെ അന്വേഷണത്തിന് ഉത്തരവ്

ഇസ്ലാമാബാദ്: വിദേശരാജ്യങ്ങളിലെ കള്ളപ്പണ നിക്ഷേപം സംബന്ധിച്ച കേസിൽ പാകിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫിനും കുടുംബാംഗങ്ങൾക്കുമെതിരെ സംയുക്ത സംഘത്തിന്റെ അന്വേഷണം നടത്താൻ പാക് സുപ്രീം കോടതി ഉത്തരവിട്ടു.

കേസിൽ ഷെരീഫിനെ കോടതി അയോഗ്യനാക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തിന് തത്കാലം സ്ഥാനമൊഴിയേണ്ടി വരില്ല. ഷെരീഫിനെതിരെ കേസെടുക്കണമെന്നും അയോഗ്യനാക്കണമെന്നും ആവശ്യപ്പെട്ട് മുൻ ക്രിക്കറ്റ് താരവും പാകിസ്ഥാൻ തെഹ്‌രീക് ഇ ഇൻസാഫ് നേതാവുമായ ഇമ്രാൻ ഖാൻ അടക്കമുള്ളവർ നൽകിയ ഹർജിയിലാണ് കോടതിയുടെ ഉത്തരവ്.

ഷെരീഫിന്റെ മകൾ മറിയം, മരുമകൻ സഫ്ദർ, ആൺമക്കളായ ഹസൻ, ഹുസൈൻ എന്നിവർക്കെതിരെയാണ് അന്വേഷണം നടക്കുക.

പനാമ പേപ്പേഴ്സ് പുറത്തുവിട്ട രേഖകൾ പ്രകാരം മൂന്ന് മക്കൾക്കും വിദേശ കമ്പനികളിൽ അനധികൃത നിക്ഷേപമുണ്ടെന്നാണ് പറയപ്പെടുന്നത്. 11.5 മില്യണിന്റെ നികുതി വെട്ടിപ്പ് സംബന്ധിച്ച ആരോപണമാണ് മൂവർക്കുമെതിരെ ഉയർന്നിരിക്കുന്നത്.

നവാസ് ഷെരീഫിന് 200 കോടി രൂപയുടെ ആസ്തിയുണ്ടെന്നും പാകിസ്ഥാനിലെ ഏറ്റവും ധനികരായ രാഷ്ട്രീയക്കാരിൽ ഒരാളാണ് ഷെരീഫെന്നും രേഖകൾ പറയുന്നു. നാല് വർഷത്തിനിടെ ഷെരീഫിന്റെ ആസ്തിയിൽ 100 കോടി രൂപയുടെ വർദ്ധനയുണ്ടായെന്നും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

പാകിസ്ഥാൻ ഫെഡറൽ ഏജൻസി അഡിഷണൽ ഡയറക്ടർ അന്വേഷണ സംഘത്തിനു നേതൃത്വം നൽകും.

റഷ്യൻ പ്രസിഡന്റ് വ്ലാഡിമർ പുടിൻ, ചൈനീസ് പ്രസിഡന്റ് ഷീ ചിൻപിംഗ്, പാക് പ്രധാനമന്ത്രി നവാസ് ഷരീഫ് എന്നിവർ ഉൾപ്പെടെ ഒരു ഡസനോളം രാഷ്ട്രത്തലവന്മാരും എഴുപതോളം രാജ്യങ്ങളിലെ 128 ഉന്നത രാഷ്ട്രീയ നേതാക്കളും സിനിമാതാരങ്ങളും കോടീശ്വരന്മാരും പനാമ ആസ്ഥാനമായുള്ള സ്ഥാപനം മുഖേന നടത്തിയ നാൽപ്പത് വർഷത്തെ അനധികൃത നിക്ഷേപത്തിന്റെ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്.



നികുതി കള്ളൻമാർക്ക് പനാമയുടെ 'ആകാശ ജയിൽ'

പനാമ സിറ്റി: പനാമ രേഖകളിലുൾപ്പെട്ടവരെ പാർപ്പിക്കാൻ മാത്രം വമ്പൻ ആകാശ ജയിൽ ഒരുങ്ങുകയാണ്. പ്രശസ്ത ഇംഗ്ലീഷ് ചിത്രം 'ഗെയിം ഒഫ് ത്രോൺസിലെ' ആകാശ ജയിലിന്റേതു പോലുള്ള ജയിൽ മാതൃക മുന്നോട്ടുവച്ചത് 'വൺവീക്ക് വൺ പ്രൊജക്ട്' എന്ന വെബ്സൈറ്റാണ്. കെട്ടിടനിർമ്മാണത്തിന്റെ വിസ്മയിപ്പിക്കുന്ന മാതൃകകൾ പങ്കുവയ്ക്കുന്ന വെബ്സൈറ്റ് നികുതി കള്ളൻമാർക്കായി ഒരുക്കിയിരിക്കുന്നത് അമ്പരപ്പിക്കുന്ന ജയിൽ മാതൃകയാണ്.

ഭീമൻ ചരക്കു കപ്പലിനു മുകളിൽ പായക്കപ്പലിന്റെ മാതൃകയിൽ സജ്ജീകരിച്ചിരിക്കുന്ന പേപ്പർ ജയിലുകളാണ് കുറ്റവാളികളെ കാത്തിരിക്കുന്നത്. പനാമ നഗരത്തെ അഭിമുഖീകരിച്ചുകൊണ്ട് കുറ്റവാളികളെയും വഹിച്ച് കപ്പൽ കടലിൽ ഒഴുകി നടക്കും.

- **3300** തടവുകാരെ പാർപ്പിക്കാം
- കപ്പലിന്റെ ഓരോ പായയ്ക്കും **350** മീറ്റർ നീളം, **100** മീറ്റർ വീതി
- ഓരോ ജയിലിനും **9** ചതുരശ്ര മീറ്റർ വിസ്തൃതി



ഗെയിം ഒഫ് ത്രോൺസിലെ 'ആകാശ ജയിൽ'

'ഐെറി' എന്ന ആകാശക്കോട്ടയ്ക്കു മുകളിലെ ഇരുട്ടറകളാണ് ആകാശ ജയിൽ. ജയിലിന്റെ മുൻ വശം മാത്രം തുറന്നിരിക്കും. താഴേക്ക് വീണാൽ ചെന്നു പതിക്കുക അഗാധമായ കൊക്കയിലേക്കാണ്.

രാഷ്ട്രപതി സ്ഥാനാർത്ഥി: നിതീഷ് സോണിയയെ കണ്ടു

ന്യൂഡൽഹി: രാഷ്ട്രപതി സ്ഥാനത്തേക്ക് പൊതു സ്ഥാനാർത്ഥിയെ നിറുത്തുന്നത് സംബന്ധിച്ചുള്ള ചർച്ചകൾക്കായി ബീഹാർ മുഖ്യമന്ത്രി ഐക്യ ജനതാദൾ അദ്ധ്യക്ഷനുമായ നിതീഷ് കുമാർ കോൺഗ്രസ് അദ്ധ്യക്ഷ സോണിയാഗാന്ധിയെ കണ്ടു. ഇക്കാര്യത്തിൽ യു.പി.എയിലെ കക്ഷികളെയും മറ്റ് പ്രതിപക്ഷ പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കാൻ സോണിയ നേതൃത്വം നൽകണമെന്ന് നിതീഷ് ആവശ്യപ്പെട്ടതായാണ് സൂചന.

പൊലീസുമായി കൊമ്പുകോർത്ത് ഗയ്ക്ക്‌വാദ്

മുംബയ്: എയർ ഇന്ത്യ ഉദ്യോഗസ്ഥനെ മർദ്ദിച്ച് വിവാദത്തിലായ ശിവസേന എം.പി രവീന്ദ്ര ഗയ്ക്ക്‌വാദ് വീണ്ടും വാർത്തകളിൽ. മഹാരാഷ്ട്രയിലെ ലാത്തൂരിൽ എ.ടി.എമ്മിൽ നിന്നു പണം ലഭിക്കാത്തതിനെ തുടർന്ന് പ്രതിഷേധം നടത്തിയ ഗയ്ക്ക്‌വാദ്, പൊലീസുകാരോട് കയർക്കുന്ന വീഡിയോയാണ് ഇപ്പോൾ പ്രചരിക്കുന്നത്.

എ.ടി.എമ്മിൽ പണമെടുക്കാൻ പോയ തന്റെ സഹായി വെറുംകൈയോടെ തിരിച്ചുവന്നതാണ് എം.പിയെ പ്രകോപിപ്പിച്ചത്. എം.പിയുടെ പ്രതിഷേധം ഗതാഗതത്തെ ബാധിച്ചതോടെയാണ് പൊലീസ് ഇടപെട്ടത്. എന്നാൽ ഗയ്ക്ക്‌വാദ് അവരോടും കയർത്തു.

പ്ലസ് ടു വിദ്യാർത്ഥിയുടെ കാർ ഇടിച്ചുകയറി വഴിയോരത്ത് ഉറങ്ങിക്കിടന്ന രണ്ടുപേർ മരിച്ചു

ന്യൂഡൽഹി: പ്ലസ്ടു വിദ്യാർത്ഥി അമിതവേഗതയിൽ ഓടിച്ച കാർ നടപ്പാതയിൽ ഉറങ്ങിക്കിടന്നവർക്കിടയിലേക്ക് ഇടിച്ചുകയറി രണ്ടുപേർ മരിച്ചു. വാർഷിക പരീക്ഷ കഴിഞ്ഞ് ആഘോഷിക്കാനിറങ്ങിയതായിരുന്നു ഇവർ.

വടക്കൻ ഡൽഹിയിലെ ഐ.എസ്.ബി.ടി ടെർമിനലിൽ ഇന്നലെ പുലർച്ചെയായിരുന്നു സംഭവം. അപകടത്തിൽ മൂന്നു പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്.

അശ്രദ്ധമായി അമിത വേഗതയിലെത്തിയ ഹ്യൂണ്ടായ് ഐ 20 കാർ നിയന്ത്രണം വിട്ട് നടപ്പാതയിലേക്ക് ഇടിച്ചു കയറുകയായിരുന്നു. നാലു പേരാണ് കാറിൽ ഉണ്ടായിരുന്നത്. ഡൽഹിയിലെ പ്രമുഖ സ്കൂളിലെ വിദ്യാർത്ഥികളാണിവർ. സംഭവവുമായി ബന്ധപ്പെട്ട് രണ്ടു വിദ്യാർത്ഥികളെ പൊലീസ് അറസ്റ്റുചെയ്തു. ഇരുവരും പ്രായപൂർത്തിയാകാത്തവരാണ്. മറ്റ് രണ്ടു പേർ സംഭവസ്ഥലത്തുനിന്ന് ഓടിരക്ഷപ്പെട്ടു. വിദ്യാർത്ഥികൾ മദ്യപിച്ചിരുന്നോയെന്നറിയാൻ വൈദ്യപരിശോധനയ്ക്കു വിധേയരാക്കും.

കാമുകിയുടെ യാത്ര മുടക്കാൻ വിമാനം റാഞ്ചുമെന്ന് ഭീഷണി; യുവാവ് അറസ്റ്റിൽ

വംശി ചൗധരി

ഹൈദരാബാദ്: മുംബയ്, ചെന്നൈ, ഹൈദരാബാദ് വിമാനത്താവളങ്ങളിൽ നിന്നുള്ള വിമാനങ്ങൾ റാഞ്ചുമെന്ന് ഭീഷണിമുഴക്കിയ യുവാവിനെ പൊലീസ് അറസ്റ്റുചെയ്തു. എം. വംശി ചൗധരി എന്ന യുവ ബിസിനസുകാരനാണ് അറസ്റ്റിലായത്. മുംബയിൽ നിന്ന് ഗോവയിലേക്കുള്ള കാമുകിയുടെ യാത്ര മുടക്കാനായിരുന്നു ഇയാൾ വിമാനറാഞ്ചൽ ഭീഷണിയുമായെത്തിയത്.

വിവാഹിതനായ യുവാവ് അട്ടുത്തിടെയാണ് ഫേസ്ബുക്ക് വഴി ഒരു യുവതിയെ പരിചയപ്പെട്ടത്. സൗഹൃദം വളർന്നപ്പോൾ തനിക്ക് ഗോവയിൽ നിന്ന് മുംബയിലേക്ക് വിനോദയാത്ര പോകുന്നതിനായി ഏപ്രിൽ 16ന് വിമാന ടിക്കറ്റ് ബുക്ക് ചെയ്യാൻ വംശിയോട് യുവതി ആവശ്യപ്പെട്ടു. മുംബയിൽ വച്ച് പരസ്പരം കാണാമെന്നും യുവതി ഉറപ്പു നൽകി.

ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് മതിയായ തുക കൈവശമില്ലാതിരുന്ന വംശി, വ്യാജ ടിക്കറ്റുണ്ടാക്കി കാമുകിയുടെ ഇ-മെയിലിലേക്ക് ഏപ്രിൽ 15ന് അയച്ചു നൽകി. ഇതോടൊപ്പം ഹൈദരാബാദിൽ നിന്നുള്ള സ്ത്രീയെന്ന വ്യാജേന, ആറു പേർ വിമാനം റാഞ്ചുമെന്ന ഭീഷണി സന്ദേശവും മുംബയ് പൊലീസിന് മെയിലിൽ അയച്ചു. ഈസ്റ്റർ ദിനത്തിൽ, മൂന്ന് വിമാനത്താവളങ്ങളിൽ നിന്ന് പുറപ്പെടുന്ന വിമാനങ്ങൾ തട്ടിയെടുക്കാൻ ആറു യുവാക്കൾ പദ്ധതിയിട്ടുന്നെന്നായിരുന്നു സന്ദേശം.

വംശി ചൗധരിക്കെതിരെ രണ്ട് സൈബർ കേസുകൾ നിലവിലുണ്ടെന്ന് ഹൈദരാബാദ് പൊലീസ് അറിയിച്ചു.

ഇ-മെയിൽ സന്ദേശം ലഭിച്ചതോടെ മൂന്ന് വിമാനത്താവളങ്ങളിലും സുരക്ഷ ശക്തമാക്കിയിരുന്നു.

പ്രണയ വിവാഹം: ആദിവാസി ദമ്പതികളെ നഗ്നരാക്കി മർദ്ദിച്ചു

ജയ്പൂർ: ഗ്രാമത്തിന്റെ നിയമങ്ങൾക്കു വിരുദ്ധമായി പ്രണയിച്ച് വിവാഹം ചെയ്ത ആദിവാസി ദമ്പതികളെ രാജസ്ഥാനിൽ ഗ്രാമീണർ നഗ്നരാക്കി ക്രൂരമായി മർദ്ദിച്ചു. രാജസ്ഥാനിലെ ബൻസ്വാര ജില്ലയിലെ ഷാംബുപുര ഗ്രാമത്തിൽ ഇക്കഴിഞ്ഞ 16നായിരുന്നു സംഭവം. അതിക്രമ ദൃശ്യങ്ങൾ സമൂഹ മാദ്ധ്യമങ്ങളിലൂടെ പ്രചരിച്ചതോടെ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

ബന്ധുക്കളായ യുവതിയും യുവാവും ഗോത്ര ആചാരത്തിനു വിരുദ്ധമായി ഒളിച്ചോടി വിവാഹിതരായതാണ് ഗ്രാമവാസികളെ പ്രകോപിതരാക്കിയത്. ഗുജറാത്തിലേക്ക് നാടുവിട്ട ദമ്പതികളെ പിടികൂടി ഗ്രാമത്തിലേക്കു കൊണ്ടുവന്ന ശേഷമായിരുന്നു മർദ്ദിച്ചത്. ഇവർ ഗ്രാമത്തിന് കളങ്കം ഏല്പിച്ചെന്നും ഇവരെ നഗ്നരാക്കി മർദ്ദിക്കണമെന്നും ഖാപ് പഞ്ചായത്ത് ഉത്തരവിടുകയായിരുന്നു. ഇരുവരെയും നഗ്നരാക്കിയതിനു ശേഷം മുളവടിയും ഇരുമ്പു ദണ്ഡുകളും ഉപയോഗിച്ച് മർദ്ദിച്ച് അവശരാക്കുകയായിരുന്നു.

ഗ്രാമീണർ തന്നെയാണ് ദൃശ്യങ്ങൾ സമൂഹമാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചത്. ഇവർ സംഘം ചേർന്ന് തങ്ങളെ മർദ്ദിക്കുകയായിരുന്നുവെന്ന് പെൺകുട്ടി പൊലീസിനോട് പറഞ്ഞു. സംഭവത്തിൽ ദമ്പതികളുടെ പിതാക്കൻമാർ ഉൾപ്പെടെ 18 പേരെ പൊലീസ് അറസ്റ്റ് ചെയ്തു.

ഉറച്ച നിലപാടുമായി ഒ.പി.എസ്; ചർച്ച തുടരുമെന്ന് ഇ.പി.എസ്

ചെന്നൈ: അണ്ണാ ഡി.എം.കെയിലെ ലയനം സാദ്ധ്യമാകണമെങ്കിൽ രണ്ട് നിബന്ധനകൾ പാലിക്കണമെന്ന് ഉറപ്പിച്ചു പറഞ്ഞ് പനീർശെൽവം പക്ഷം നിലപാട് കടുപ്പിച്ചു. പാർട്ടി ജനറൽ സെക്രട്ടറി ശശികലയെയും ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ടി.ടി.വി. ദിനകരനെയും പുറത്താക്കിയതിന്റെ രേഖകൾ വേണമെന്നും ജയലളിതയുടെ മരണത്തിൽ എത്രയും വേഗം സർക്കാർ സി.ബി.ഐ അന്വേഷണം പ്രഖ്യാപിക്കണമെന്നും ഒ.പി.എസ് പക്ഷം ആവശ്യപ്പെട്ടു. പനീർശെൽവം വിഭാഗത്തിലെ കെ.പി. മുനിസാമിയാണ് ഇക്കാര്യം മാദ്ധ്യമങ്ങളോട് പറഞ്ഞത്. ആവശ്യങ്ങൾ അംഗീകരിച്ചാൽ ഉടൻ ചർച്ചകൾ ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

എന്നാൽ ഒ.പി.എസ് പക്ഷത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുമെന്നും ലയന ചർച്ചകൾ തുടരുമെന്നും പളനിസാമി വിഭാഗം വ്യക്തമാക്കി. ഇരുവിഭാഗവുമായുള്ള ചർച്ചകൾ വഴിമുട്ടിയെന്ന ഒ.പി.എസ് ക്യാമ്പിലെ സന്ദേശത്തിനു പിന്നാലെയാണ് പളനിസാമി വിഭാഗത്തിന്റെ ഇടപെടൽ.

ശശികലയെയും ദിനകരനെയും പുറത്താക്കിയെന്ന് അണ്ണാ ഡി.എം.കെ (അമ്മ) പക്ഷം പ്രഖ്യാപിച്ചിരുന്നെങ്കിലും സാങ്കേതികമായി ഇപ്പോഴും ഇരുവരും തന്നെയാണ് പാർട്ടി നേതാക്കൾ. തന്നെ പുറത്താക്കിയെന്ന വാർത്ത ദിനകരൻ തള്ളുകയും ചെയ്തിരുന്നു.

പനീർശെൽവം-പളനിസാമി വിഭാഗങ്ങൾ തമ്മിൽ അനൗദ്യോഗിക ചർച്ചകൾ നടന്നെങ്കിലും സ്വീകാര്യമായ ഒത്തുതീർപ്പുകളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ചർച്ച തുടങ്ങുന്നതിനു പനീർശെൽവം മുന്നോട്ടുവച്ച ഉപാധികൾ അംഗീകരിച്ചുകൊണ്ട് മന്നാർഗുഡി സംഘത്തെ പളനിസാമി വിഭാഗം തള്ളിപ്പറഞ്ഞെങ്കിലും ചർച്ചകൾ ഫലം കാണാത്തത് ഇരുപക്ഷത്തെയും വീണ്ടും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

അമിത് ഷാ ജൂലായ് 25ന് കേരളത്തിൽ

ന്യൂഡൽഹി: അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി പാർട്ടിയെ ബൂത്തുതലം മുതൽ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത് ഷാ ജൂലായ് 25 ന് കേരളത്തിലെത്തും. മൂന്നു ദിവസം കേരളത്തിൽ തങ്ങുന്ന അമിത് ഷാ ബൂത്തുതലത്തിലുള്ള പ്രവർത്തകരുമായി സംവദിക്കും. ഭുവനേശ്വറിൽ കഴിഞ്ഞ ദിവസം നടന്ന ദേശീയ എക്സിക്യൂട്ടീവ് യോഗ തീരുമാനങ്ങൾ പ്രകാരമാണ് ഷാ കേരളത്തിലെത്തുന്നത്. പാർട്ടിക്ക് ഭരണമില്ലാത്ത സ്ഥലങ്ങളിൽ 95 ദിവസത്തെ പര്യടനമാണ് നിശ്ചയിച്ചിരിക്കുന്നത്. വിശാഖപട്ടണത്ത് ജൂലായ് 15ന് നിശ്ചയിച്ച ദേശീയ എക്സിക്യൂട്ടീവിന് ശേഷമായിരിക്കും അമിത് ഷാ യാത്ര തുടങ്ങുക.

വിവിധം

കേന്ദ്ര - സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതണം: മുഖ്യമന്ത്രി

- സംസ്ഥാനങ്ങളെ മോദി കാണുന്നത് കോളനികളെപ്പോലെ

തിരുവനന്തപുരം: സാമ്രാജ്യത്വ കാലത്തെ കോളനികളെന്ന പോലെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനങ്ങളെ കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ഫെഡറൽ സംവിധാനം ശക്തമാക്കാൻ ലക്ഷ്യമിട്ട് കേന്ദ്ര, സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതണം. കേന്ദ്ര, സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് എ.കെ.ജി പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തിന്റെ പൊതു ആവശ്യങ്ങളുമായി മുഖ്യമന്ത്രി ചെല്ലുമ്പോൾ പ്രധാനമന്ത്രി കാണാൻ അനുമതി നൽകുന്നതായിരുന്നു കീഴ്‌വഴക്കം. എന്നാൽ, ഈ സർക്കാരിൽ നിന്ന് രണ്ട് ദുരനുഭവങ്ങൾ കേരളത്തിനുണ്ടായി.

ശക്തമായ കേന്ദ്രവും സമൃദ്ധമായ സംസ്ഥാനങ്ങളുമുണ്ടെങ്കിൽ മാത്രമേ ഫെഡറൽ സംവിധാനം നിലനിൽക്കുകയുള്ളൂ. പരിമിതമായ തോതിൽ നിലനിൽക്കുന്ന ഫെഡറൽ സംവിധാനത്തെപ്പോലും തകർക്കുന്ന നിയമനിർമ്മാണങ്ങളാണ് അടിക്കടിയുണ്ടാകുന്നത്. ഇതോടെ, സംസ്ഥാനങ്ങൾ കേവലമായ സാമന്തപദവിയിലേക്ക് നീങ്ങുകയാണ്.

കേരളത്തിലെ റബറും വെളിച്ചെണ്ണയും വാണിജ്യ പ്രതിസന്ധിയിലായത് സംസ്ഥാനമറിയാതുള്ള അന്താരാഷ്ട്ര കരാറുകൾ മൂലമാണ്. നിയമസഭകൾ പാസാക്കുന്ന നിയമങ്ങൾ ഗവർണറും രാഷ്ട്രപതിയും അംഗീകരിക്കാത്ത സംഭവങ്ങൾ ഏറിവരുന്നു.

സംസ്ഥാനത്തോട് ആലോചിക്കുക പോലും ചെയ്യാതെ ഗവർണർമാരെ നിയമിക്കുന്നു. തിരഞ്ഞെടുപ്പിൽ വലിയ കക്ഷിയായാലും ഗവർണർമാർ രാഷ്ട്രീയം നോക്കി അധികാരം നിഷേധിക്കുന്നു. ഗോവയിലും മണിപ്പൂരിലും സംഭവിച്ചതിതാണ്. ഡൽഹി മുഖ്യമന്ത്രിക്ക് ആ പദവി പോലും കേന്ദ്രം അംഗീകരിച്ചു നൽകുന്നില്ലെന്നാണ് കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞത്.

സംസ്ഥാന താത്പര്യം അവഗണിച്ച് ആസൂത്രണ കമ്മിഷൻ പിരിച്ചുവിട്ടതോടെ കാര്യങ്ങൾ പറയാനുള്ള വേദികൂടി നഷ്ടമായി. കടമെടുപ്പ് പരിധിയിലും കേന്ദ്രീകൃത നികുതി പങ്കുവയ്ക്കുന്നതിലും ഉൾപ്പെടെ നിരവധി സാമ്പത്തിക നിയന്ത്രണങ്ങൾ കേന്ദ്രം അടിച്ചേല്പിക്കുകയാണ്. ഇത് ഭരണഘടനാവിരുദ്ധമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, കെ.എം. മാണി, സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, 'ദ ഹിന്ദു' മുൻ എഡിറ്റർ എൻ. റാം തുടങ്ങിയവർ സംസാരിച്ചു. എ. വിജയരാഘവൻ സ്വാഗതവും ആനാവൂർ നാഗപ്പൻ നന്ദിയും പറഞ്ഞു.

കേന്ദ്രവുമായി ഏറ്റുമുട്ടുന്നത് നല്ല സമീപനമല്ല: ചെന്നിത്തല

തിരുവനന്തപുരം: രാഷ്ട്രീയ താത്പര്യങ്ങൾ എന്തു തന്നെയായാലും കേന്ദ്രസർക്കാരുമായി ഏറ്റുമുട്ടുന്നത് നല്ല സമീപനമല്ലെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

എ.കെ.ജി പഠന ഗവേഷണ കേന്ദ്രം നടത്തിയ കേന്ദ്ര സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുള്ള സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് സംസ്ഥാന താത്പര്യം സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്രസംസ്ഥാന ബന്ധങ്ങൾ കാലാനുസൃതമായി പൊളിച്ചെഴുതുന്നതിന് ഭരണഘടനയുടെ അലകും പിടിയും മാറ്റുന്നതിനുള്ള സമഗ്രമായ പാർലമെന്റ് യോഗം വിളിക്കേണ്ട സമയമായെന്ന് കെ. എം. മാണി പറഞ്ഞു.

കേന്ദ്രസംസ്ഥാന ബന്ധങ്ങൾ കൂടുതൽ സുതാര്യമാക്കുന്ന ഇന്റർസ്റ്റേറ്റ് കൗൺസിൽ സംവിധാനം പുന:സ്ഥാപിക്കണമെന്ന് സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ആവശ്യപ്പെട്ടു.

ലോറി ഡ്രൈവർ കുത്തേറ്റ് മരിച്ച സംഭവം: പ്രതി പിടിയിൽ

എ.എസ്.പിയുടെ നേതൃത്വത്തിൽ തെളിവെടുപ്പ് നടത്തുന്നു. ഇൻസെറ്റിൽ കൊല്ലപ്പെട്ട സാജൻ എസ്. പിള്ള

പത്തനാപുരം: പിറവന്തൂർ വാഴത്തോപ്പിൽ ലോറി ഡ്രൈവർ കുത്തേറ്റ് മരിച്ച സംഭവത്തിൽ കടയ്ക്കാമൺ അംബേദ്കർ കോളനിയിൽ ആന ഗോപിയെന്ന് വിളിക്കുന്ന ഗോപിയെ (60) പൊലീസ് അറസ്റ്റ് ചെയ്തു.

പത്തനംതിട്ട മല്ലപ്പള്ളി വെളിക്കുളം അച്ചൻകോവിൽ വീട്ടിൽ സാജൻ എസ്. പിള്ളയാണ് കഴുത്തിൽ ആഴത്തിൽ കുത്തേറ്റ് മരിച്ചത്. ഇക്കഴിഞ്ഞ ഞായറാഴ്ച പുലർച്ചെ ആയിരുന്നു സംഭവം. തമിഴ്നാട്ടിൽ നിന്ന് പതിവായി ലോറിയിൽ സിമന്റ് കയറ്റിവരുന്ന സാജൻ യാത്രയ്ക്കിടയിൽ വാഴത്തോപ്പിൽ വാഹനം നിറുത്തിയിട്ട് വിശ്രമിക്കുന്നത് പതിവാണ്. ഞായറാഴ്ച രാത്രി ഇവിടെയെത്തിയ സാജനെ കുത്തേറ്റ് മരിച്ച നിലയിൽ പുലർച്ചെ കണ്ടെത്തുകയായിരുന്നു.

സംഭവത്തെ തുടർന്ന് സ്ഥലവാസികളായ ചില യുവാക്കളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തിരുന്നു. ഇവരിൽ ഒരാൾ ഗോപിയെ സംശയകരമായ സാഹചര്യത്തിൽ സംഭവദിവസം കണ്ടതായി മൊഴി നൽകി. തുടർന്ന് നടത്തിയ അന്വേഷണത്തിൽ പ്രതിയെ കടയ്ക്കാമണിൽ നിന്ന് പിടികൂടുകയായിരുന്നു. ഇയാൾ കുറ്റം സമ്മതിച്ചതായും മോഷണശ്രമമാണ് സംഭവത്തിന് പിന്നിലെന്നും പൊലീസ് പറഞ്ഞു. കൊലയ്ക്ക് ഉപയോഗിച്ച കത്തി സമീപത്തെ തടിഡിപ്പോയിൽ നിന്ന് കണ്ടെടുത്തു. ഗോപിയെ സ്ഥലത്ത് കൊണ്ടുവന്ന് തെളിവെടുപ്പ് നടത്തി.

ഇപ്പോൾ ആനപാപ്പാനായി ജോലിചെയ്തുവരുന്ന ഗോപി മുമ്പും കൊലക്കേസിൽ ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. വീട്ടുകാരുമായി പിണങ്ങി പലപ്പോഴും കടത്തിണ്ണകളിലാണ് ഇയാൾ അന്തിയുറങ്ങാറുള്ളത്.

പുനലൂർ എ.എസ്.പി കാർത്തികേയൻ ഗോകുൽ ചന്ദ്, അഞ്ചൽ സി.ഐ അഭിലാഷ് പത്തനാപുരം സി.ഐ എസ്. നന്ദകുമാർ, പുനലൂർ എസ്.ഐ ജയകുമാർ എന്നിവർ അന്വേഷണത്തിന് നേതൃത്വം നൽകി.

വെള്ളാപ്പള്ളി എൻജി. കോളേജിന്റെ സംരക്ഷണം എൻ.ഡി.എ ഏറ്റെടുക്കും: എ.എൻ. രാധാകൃഷ്ണൻ



കട്ടച്ചിറ വെള്ളാപ്പള്ളി നടേശൻ എൻജിനീയറിംഗ് കോളേജിൽ നടന്ന അക്രമങ്ങൾക്കെതിരെ എൻ.ഡി.എയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ സമ്മേളനത്തിന് മുന്നോടിയായി നടന്ന പ്രകടനം

മാവേലിക്കര: വെള്ളാപ്പള്ളി നടേശൻ എൻജിനീയറിംഗ് കോളേജിനെ തകർക്കാൻ ശ്രമിച്ചാൽ ഏറ്റവും വലിയ എൻ.ഡി.എ സമരത്തിന് കേരളം സാക്ഷിയാകേണ്ടി വരുമെന്ന് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ രാധാകൃഷ്ണൻ പറഞ്ഞു. എസ്.എഫ്.ഐ പ്രവർത്തകർ കോളേജിൽ നടത്തിയ അക്രമങ്ങളിൽ പ്രതിഷേധിച്ച് കോയിക്കൽ ചന്തയിൽ എൻ.ഡി.എ കായംകുളം, മാവേലിക്കര നിയോജകമണ്ഡലം കമ്മറ്റികളുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വെള്ളാപ്പള്ളിയുടെ പേരിലുള്ള കോളേജിനെ തകർക്കാമെന്ന് ആരും കരുതേണ്ടതില്ലെന്നും കോളേജിന്റെ സംരക്ഷണം എൻ.ഡി.എ ഏറ്റെടുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ആക്രമണത്തിന് നേതൃത്വം നൽകിയ എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് അടക്കമുള്ള നേതാക്കൾക്കെതിരെ കേസെടുത്ത് ജയിലിൽ അടയ്ക്കണം. പിന്നോക്ക വിഭാഗക്കാരോടും പട്ടികജാതിക്കാരോടുമുള്ള സി.പി.എം സമീപനത്തിൽ മാറ്റമുണ്ടാവണം.

യോഗത്തിൽ ബി.ഡി.ജെ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ടി.വി. ബാബു അദ്ധ്യക്ഷനായിരുന്നു. പ്രതിഷേധ യോഗത്തിന് മുന്നോടിയായി മൂന്നാംകുറ്റിയിൽ നിന്ന് കറ്റാനം വരെയും അവിടെനിന്ന് കോയിക്കൽ ചന്തയിലേക്കും പ്രതിഷേധ പ്രകടനം നടത്തി.

ആക്രമണത്തിൽ പ്രതിഷേധിച്ച് ഇന്ന് മാവേലിക്കര എസ്.എൻ.ഡി.പി യൂണിയൻ പ്രതിഷേധയോഗം നടത്തും.

ഗവർണറുമായി നല്ല ബന്ധം

തിരുവനന്തപുരം: ഗവർണമാരെ രാഷ്ട്രീയമായി ഉപയോഗിക്കുന്ന കേന്ദ്രസർക്കാരിന്റെ രീതിയോട് ശക്തമായ വിയോജിപ്പുണ്ടെങ്കിലും ഗവർണർ പി. സദാശിവവുമായി നല്ല ബന്ധമാണുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. എ.കെ.ജി സെന്ററിൽ കേന്ദ്ര സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന മൂന്ന് പേരിൽ നിന്ന് ഒരാളെ ഗവർണറാക്കുന്ന രീതി നടപ്പാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരാഴ്ചയ്ക്കുള്ളിൽ 828 ക്രിമിനലുകളെ അകത്താക്കിയെന്ന് ഡി.ജി.പി

തിരുവനന്തപുരം: ഗുണ്ടാസംഘങ്ങൾക്കും സാമൂഹ്യ വിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുവർക്കുമെതിരായ നടപടികളുടെ ഭാഗമായി ഒരാഴ്ചകൊണ്ട് 828 പേർ അറസ്റ്റിലായെന്ന് ഡി.ജി.പി അറിയിച്ചു. 882 കേസുകൾ രജിസ്റ്റർ ചെയ്തു.

തിരുവനന്തപുരം റേഞ്ചിൽ 248 പേരും, കൊച്ചി റേഞ്ചിൽ 331 പേരും, തൃശൂർ റേഞ്ചിൽ 168 പേരും, കണ്ണൂർ റേഞ്ചിൽ 81 പേരുമാണ് അറസ്റ്റിലായത്. ജില്ല തിരിച്ചുള്ള കണക്കുകൾ: തിരുവനന്തപുരം സിറ്റി-117, തിരുവനന്തപുരം റൂറൽ-46, കൊല്ലം സിറ്റി-60, കൊല്ലം റൂറൽ-18, പത്തനംതിട്ട-7, ആലപ്പുഴ-73, കോട്ടയം-45, ഇടുക്കി 21, കൊച്ചി സിറ്റി-98, എറണാകുളം റൂറൽ-94, തൃശൂർ സിറ്റി-57, തൃശൂർ റൂറൽ-50, പാലക്കാട്-44, മലപ്പുറം-17, കോഴിക്കോട് സിറ്റി-13, കോഴിക്കോട് റൂറൽ-17, കണ്ണൂർ-15, വയനാട്-9, കാസർകോട്-27. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോക്സോ നിയമപ്രകാരം 17 പേർ അറസ്റ്റിലായി. സ്ത്രീകൾക്കെതിരെ അതിക്രമം നടത്തിയ 17 പേരും പിടിയിലായി. അബ്കാരി ആക്ട്, ലഹരിവസ്തു വിപണനവിരുദ്ധ നിയമം, കള്ളനോട്ട്, അനധികൃത മണൽ ഖനനം, എക്സ്പ്ലോസീവ്സ് ആക്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട് 650 പേരും അറസ്റ്റിലായിട്ടുണ്ട്.

ഷീല തോമസ് ഭരണപരിഷ്കാര കമ്മിഷൻ മെമ്പർ സെക്രട്ടറി

തിരുവനന്തപുരം: അഡിഷണൽ ചീഫ് സെക്രട്ടറിയായി വിരമിച്ച ഷീല തോമസിനെ ഭരണ പരിഷ്കാര കമ്മിഷൻ മെമ്പർ സെക്രട്ടറിയായി നിയമിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിൽ തീരുമാനമായി. പൊതുഭരണവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ഷീല തോമസ് തന്നെയാണ് കമ്മിഷൻ മെമ്പർ സെക്രട്ടറിയുടെ ചുമതലയും നിർവഹിച്ചിരുന്നത്. ഷീല തോമസ് വിരമിച്ച ശേഷം മെമ്പർ സെക്രട്ടറിയായി ആരെയും നിയമിച്ചിരുന്നില്ല. പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് ചെലവായ 104 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

കെ.വി. റാബിയക്ക് അഞ്ചുലക്ഷം രൂപ അനുവദിച്ചു

സാക്ഷരതാ പ്രസ്ഥാനത്തിന് ജീവിതം സമർപ്പിച്ച കെ.വി. റാബിയക്ക് ജീവിതോപാധി എന്ന നിലയിൽ തിരൂരങ്ങാടിയിൽ കട സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.